Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

നം. സി.ബി(1)16056/2018

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി:29.10.2018

## സർക്കുലർ നമ്പർ - 54/2018

വിഷയം:- സഹകരണ വകുപ്പ് –ജില്ലാ ബാങ്കുകളുടെ CRR-സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നത്- പലിശനിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന:-1) 01.09.2018-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.
2) സഹകരണ സംഘം രജിസ്ട്രാറുടെ 16.12.2017-ലെ 52/17-ാംനമ്പർ സർക്കുലർ.

ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ സി.ആർ.ആർ.ന്റെ 50% സംസ്ഥാന സഹകരണ ബാങ്കിൽ തന്നെ നിക്ഷേപിക്കുകയാണെങ്കിൽ ജില്ലാ സഹകരണ ബാങ്കുകളുടെ കേരള സംസ്ഥാന സഹകരണ ബാങ്കിലെ ഒരു വർഷത്തിൽ കൂടുതൽ കാലാവധിയുള്ള സ്ഥിരനിക്ഷേപത്തിന് 0.25% പലിശനിരക്ക് വർദ്ധിപ്പിച്ച് നൽകുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്ക് മാനേജിംഗ് ഡയറക്ടർ നിർദ്ദേശം വെയ്ക്കുകയും ടി നിർദ്ദേശം സൂചന പ്രകാരമുള്ള യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ CRR-ന്റെ 50% സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിക്കുകയാണെങ്കിൽ സംസ്ഥാന സഹകരണ ബാങ്കിലുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ ഒരു വർഷത്തിൽ കൂടുതൽ കാലാവധി യുള്ള സ്ഥിരനിക്ഷേപങ്ങൾക്ക്, സൂചന (2) ലെ സർക്കുലർ പ്രകാരം നിശ്ചയിച്ചിട്ടുള്ള പലി ശ നിരക്കിൽ നിന്നും 0.25% അധികരിച്ച് പലിശ നൽകുന്നതിനുള്ള അനുവാദം നൽകുന്നു.

ഒപ്പ്/-
എസ്.ഷാനവാസ്.ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്,പാളയം
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും

5. ജോയിന്റ് ഡയറക്ടർ/സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും.
6. എഡിറ്റർ, സഹകരണ വീഥി
7. വെബ്സൈറ്റ്
8. സ്റ്റോക്ക് ഫയൽ
9. സ്പെയർ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(ക്രെഡിറ്റ് II)